# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ
## ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 നവംബർ 18 തിങ്കൾ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## സ്വകാര്യ ബസിൽ ടിക്കറ്റ് നൽകാത്തത് പെർമിറ്റ് ലംഘനം; കണ്ടക്ടറുടെ ലൈസൻസ് റദ്ദാക്കും

നിയമാനുസൃതമായി ടിക്കറ്റ് നൽകാത്ത സ്വകാര്യ ബസുകൾക്കെതിരെ പെർമിറ്റ് വ്യവസ്ഥയുടെ ലംഘനമായി കണക്കാക്കി തുടർനടപടി സ്വീകരിക്കാൻ റീജ്യനൽ ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനിച്ചു. ടിക്കറ്റ് നൽകാത്ത സ്വകാര്യ ബസുകളിലെ കണ്ടക്ടർമാരുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുമെന്ന് മധ്യമേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു. മധ്യമേഖലയിൽ ഉൾപ്പെടുന്ന തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ, പ്രത്യേകിച്ച് തൃശൂർ ജില്ലയിൽ സർവീസ് നടത്തുന്ന സ്വകാര്യ ബസുകളിൽ ടിക്കറ്റ് നൽകുന്നതില്ലെന്ന് പരാതി വ്യാപകമായതിനെ തുടർന്നാണ് നടപടി. കൂടാതെ താഴെ പറയുന്ന നിയമലംഘനങ്ങളും ബസ്സുകളിൽ വ്യാപകമായി കാണുന്നു. വിദ്യാർത്ഥികളെ കയറ്റാതിരിക്കുക, അർഹരായവർക്ക് കൺസഷൻ നൽകാതിരിക്കുക, എയർ ഹോൺ, മ്യൂസിക് ഹോൺ എന്നിവ ഘടിപ്പിക്കുക, സ്റ്റീരിയോ സിസ്റ്റം ഘടിപ്പിക്കുക, സ്പീഡ് ഗവർണർ പ്രവർത്തിപ്പിക്കാതിരിക്കുക, ഡ്രൈവർ, കണ്ടക്ടർ, ക്ലീനർ എന്നിവർ യൂണിഫോം, നെയിം ബാഡ്ജ് എന്നിവ ധരിക്കാതിരിക്കുക, വാഹനത്തിന് ഫെയർ ചാർജ്ജ്, വാഹനത്തിന് പുറത്ത് സമയപട്ടിക എന്നിവ പ്രദർശിപ്പിക്കാതിരിക്കുക, അനുവദിച്ച ട്രിപ്പുകളിൽ സർവീസ് നടത്താതിരിക്കുക, ഫസ്റ്റ് എയ്ഡ് ബോക്സ് സൂക്ഷിക്കാതിരിക്കുക. ഇത്തരം നിയമലംഘനങ്ങൾക്കതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരോടും നിർദ്ദേശിച്ചതായും അറിയിച്ചു.

## മുസിരിസ് പൈതൃക വാരത്തിന് ഇന്ന് (നവം. 19) തുടക്കം

യുനെസ്കോയുടെ നേതൃത്വത്തിൽ നടക്കുന്ന ലോക പൈതൃക വാരത്തോടനുബന്ധിച്ച് മുസിരിസ് പദ്ധതി പ്രദേശത്ത് സംഘടിപ്പിക്കുന്ന മുസിരിസ് പൈതൃക വാരത്തിന് ഇന്ന് (നവം. 19) തുടക്കം. ഇന്ന് മുതൽ ഈ മാസം 25 വരെയാണ് വാരാഘോഷം. പൈതൃക വാരത്തോടനുബന്ധിച്ച് മുസിരിസ് പദ്ധതിയ്ക്ക് കീഴിലുള്ള വിവിധ മ്യൂസിയങ്ങളിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്കും ഇതോടെ തുടക്കമാകും. കോട്ടപ്പുറം ചേരമാൻ പറമ്പ് മുസിരിസ് ആക്റ്റിവിറ്റി സെന്ററിൽ രാവിലെ പത്തിന് പ്രൊഫ. കേശവൻ വെളുത്താട്ട് വാരാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യും. മുസിരിസ് പൈതൃക പദ്ധതി മാനേജിംഗ് ഡയറക്ടർ പി.എം നൗഷാദ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വിവിധ ജനപ്രതിനിധികളും സംബന്ധിക്കും.

സാംസ്കാരിക പൈതൃകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. 25 വരെ നടക്കുന്ന മുസിരിസ് പൈതൃക വാരത്തിൽ പാലിയം കൊട്ടാരം, പാലിയം കോവിലകം, പറവൂർ- ചേന്ദമംഗലം ജൂതപ്പള്ളികൾ, കോട്ടപ്പുറം കോട്ട, കോട്ടപ്പുറം മാർക്കറ്റ് എന്നീ സ്ഥലങ്ങളിൽ പൈതൃക സംരക്ഷണവുമായി ബന്ധപ്പെട്ട എക്സിബിഷനുകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കും. കോട്ടപ്പുറം കിഡ്സിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ജൈവനാരുകൾ ഉപയോഗിച്ചുള്ള കരകൗശല, നിത്യോപയോഗ

വസ്തുക്കളുടെ നിർമാണവും പ്രദർശനവും, ചേന്ദമംഗലം കൈത്തറി യൂണിറ്റുകളുടെ നേതൃത്വത്തിലുള്ള കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണവും പ്രദർശനവും, മുസിരിസ് പൈതൃക ചിത്രപ്രദർശനം, ജൂത പാരമ്പര്യത്തെകുറിച്ചുള്ള പ്രദർശനം, കോട്ടപ്പുറം കോട്ടയിൽ നിന്നും ഉദ്ഘാടനം ചെയ്തെടുത്ത പുരാവസ്തുക്കളുടെ പ്രത്യേക പ്രദർശനം എന്നിവ ഉണ്ടായിരിക്കും. സ്കൂൾ വിദ്യാർത്ഥികൾക്ക് പൈതൃകവാരത്തിന്റെ ഭാഗമായി ഈ ദിവസങ്ങളിൽ പ്രവേശനം സൗജന്യമായിരിക്കും.

## യോഗം 23 ന്

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ യോഗം നവംബർ 23 ഉച്ച രണ്ടിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും.

## സൗജന്യ പരിശീലനം

ന്യൂനപക്ഷ ക്ഷേമ വകുപ്പ് കൊടുങ്ങല്ലൂർ കോച്ചിങ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്സിൽ ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലനത്തിന് ന്യൂനപക്ഷ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ നവംബർ ഇരുപതിനകം രജിസ്റ്റർ ചെയ്യണം. പരിശീലനം പൂർണ്ണമായും സൗജന്യമാണ്. അപേക്ഷയോടൊപ്പം രണ്ട് ഫോട്ടോ, തിരിച്ചറിയൽ കാർഡ്, സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് നൽകണം. അപേക്ഷഫോറത്തിനും വിശദവിവരങ്ങൾക്കും പരിശീലനകേന്ദ്രവുമായി നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടണം. വിലാസം: കോച്ചിങ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്സ്, ചേരമാൻ ജുമാ മസ്ജിദ് ബിൽഡിങ്, കൊടുങ്ങല്ലൂർ, തൃശൂർ. ഫോൺ: 0480 2804859, 9400976839, 9037902372.

## ക്ഷേമപദ്ധതികൾ:
## ബോധവൽക്കരണ പരിപാടി 21 മുതൽ

കേന്ദ്ര ഗവൺമെന്റിന്റെ ഫീൽഡ് ഔട്ട്റീച്ച് ബ്യൂറോ തൃശ്ശൂർ യൂണിറ്റ്, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുമായി സഹകരിച്ച് വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് നവംബർ 21 മുതൽ ത്രിദിന പൊതുജനബോധവൽക്കരണ പരിപാടി സംഘടിപ്പിക്കും. കേന്ദ്ര പദ്ധതികൾ, ഗാന്ധിജിയുടെ ജീവിതം, അദ്ദേഹത്തിന്റെ കേരള സന്ദർശനം എന്നിവ പ്രതിപാദിക്കുന്ന പ്രദർശനവും ഉണ്ടായിരിക്കും. നവംബർ 21 ന് രാവിലെ 10 മണിക്ക് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി ചെയർമാൻ കെ.ആർ.ജൈത്രൻ ഉദ്ഘാടനം നിർവ്വഹിക്കും. കൊടുങ്ങല്ലൂർ മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കുന്ന പരിപാടിയിൽ കാനറ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ബി.എസ്.എൻ.എൽ, തപാൽ വകുപ്പ്, ആരോഗ്യ കേരളം, കുടുംബശ്രീ, ഹോർട്ടികോർപ്പ്, ഹരിതകേരളം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ തുടങ്ങിയവയുടെ എക്സിബിഷൻ സ്റ്റാളുകളും ഉണ്ടായിരിക്കും. സൗജന്യ പ്രമേഹ രോഗ, ബി.പി. പരിശോധനയും ഉണ്ടായിരിക്കും. വ്യാഴാഴ്ച ഉദ്ഘാടനത്തെ തുടർന്ന് തൃശ്ശൂർ ആകാശവാണി നിലയത്തിന്റെ ആഭിമുഖ്യത്തിൽ കലാമണ്ഡലം പി.വി. ഈശ്വരനുണ്ണിയുടെ കൂത്ത് അരങ്ങേറും. തുടർന്ന് ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ഡബ്ല്യൂഎച്ച്ഒ മുൻ കൺസൾട്ടന്റും മലപ്പുറം ജില്ലാ ടി.ബി. ഓഫീസറുമായ ഡോ.സി.ബി. പ്രിധീഷ് ക്ലാസ്സെടുക്കും.

നവംബർ 22 ന് രാവിലെ 10 മണിക്ക് പോസ്റ്റോഫീസ് സേവിംഗ്സ് അക്കൗണ്ട്, 10 വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികൾക്കായുള്ള സുകന്യ സമൃദ്ധി യോജന, ഇന്ത്യാ പോസ്റ്റ് പേയ്മെന്റ് ബാങ്ക് എന്നിവയെക്കുറിച്ച് തപാൽ വകുപ്പുദ്യോഗസ്ഥർ ക്ലാസ്സെടുക്കും. തുടർന്ന് കേരള കലാമണ്ഡലത്തിലെ പി.ജി. വിദ്യാർത്ഥിനി കവിത ഗീതാനന്ദൻ ഓട്ടൻതുള്ളൽ അവതരിപ്പിക്കും.

നവംബർ 23 ന് രാവിലെ 10 മണിക്ക് ബാങ്കിംഗ് സേവനങ്ങൾ, പൊതുമേഖലാ ബാങ്കുകൾ മുഖേന നടപ്പാക്കുന്ന, കുറഞ്ഞ പ്രീമിയം നിരക്കിലുള്ള ഇൻഷുറൻസ്, പെൻഷൻ പദ്ധതികൾ, ഗ്രാമീണ സ്വയംതൊഴിൽ പരിശീലനം എന്നിവയെക്കുറിച്ച് തൃശ്ശൂർ ജില്ലാ സാമ്പത്തിക സാക്ഷരത കൗൺസലർ

വി.ആർ.രാമചന്ദ്രൻ ക്ലാസ്സെടുക്കും. തുടർന്ന് കേരള കലാമണ്ഡലത്തിലെ വിദ്യാർത്ഥികൾ നൃത്തനൃത്യങ്ങൾ അവതരിപ്പിക്കും.

## ജില്ലാ ആസൂത്രണ സമിതി

ജില്ലാ ആസൂത്രണ സമിതി യോഗം നവംബർ 20 വൈകീട്ട് നാലിന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## മതിലകം ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവത്തിന് തുടക്കം

മതിലകം ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവത്തിന് തുടക്കമായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.അബീദലി ഉദ്ഘാടനം ചെയ്തു. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ കെ.പി. പുഷ്പൻ അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ സി.കെ.ഗിരിജ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ഷീന വിശ്വൻ, ബേബി ശിവദാസ്, നൂറുൽ ഹുദാ, ഹേമലത, സെക്രട്ടറി വിനീത സോമൻ എന്നിവർ സംസാരിച്ചു. ചൊവ്വാഴ്ച്ച രാവിലെ അസ്മാബി കോളേജ് ഗ്രൗണ്ടിൽ അത്‌ലറ്റിക്സ് ,കബഡി, എറിയാട് കോസ് മോ നീന്തൽ കുളത്തിൽ നീന്തൽ മത്സരങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചെസ്, ക്വിസ് മത്സരങ്ങൾ, എറിയാട് ഇൻഡോർ സ്റ്റേഡിയത്തിൽ ഷട്ടിൽ ബാറ്റ്മിന്റൺ മത്സരം, ബുധനാഴ്ച്ച അസ്മാബി കോളേജ് ഗ്രൗണ്ടിൽ ക്രിക്കറ്റ് മത്സരം, മതിലകം പഞ്ചായത്ത് ഗ്രൗണ്ടിൽ വടംവലി, വോളിബോൾ മത്സരങ്ങൾ നടക്കും. ചൊവ്വ, ബുധൻ ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കലാമത്സരങ്ങൾ നടക്കും. ˘നവംബർ 24 ന് വൈകീട്ട് 4 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ സമ്മാനദാനം നിർവ്വഹിക്കും.

## പിഎസ്‌സി അഭിമുഖം

തൃശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ഹിന്ദി ലാംഗ്വേജ് ടീച്ചർ (കാറ്റഗറി നമ്പർ 231/2016) തസ്തികയിലേക്ക് 2018 ഏപ്രിൽ രണ്ടിന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട അഭിമുഖത്തിനായി അവശേഷിക്കുന്ന അർഹരായ ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം നവംബർ 20, 21 തീയതികളിലായി എറണാകുളം പിഎസ്‌സി മേഖലാ ഓഫീസിൽ നടത്തും. ഉദ്യോഗാർത്ഥികൾക്ക് എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്തും സ്ഥലത്തും ഹാജരാകണമെന്ന് പിഎസ്‌സി ജില്ലാ ഓഫീസർ അറിയിച്ചു.

## ഹോപ്പ് ലേണിങ് സെന്റർ ഇരിങ്ങാലക്കുടയിൽ ഉദ്ഘാടനം ചെയ്തു

എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിൽ പകുതിയിൽ പഠിപ്പുനിർത്തിയതും പത്താം ക്ലാസ്സ് പരാജയപ്പെട്ടതുമായ കുട്ടികളെ പഠിപ്പിച്ച് ഉന്നത പഠനത്തിന് യോഗ്യരാക്കുന്നതിനുള്ള തൃശൂർ റൂറൽ പോലീസിന്റെ ഹോപ്പ് പദ്ധതിയുടെ ലേണിങ് സെന്റർ ഇരിങ്ങാലക്കുടയിൽ പ്രവർത്തനം ആരംഭിച്ചു. ഇരിങ്ങാലക്കുട കാട്ടുങ്ങച്ചിറയിലുള്ള വനിതാ പോലീസ് സ്റ്റേഷന്റെ ഒന്നാം നിലയിലുള്ള ഹോപ്പ് ലേണിങ് സെന്റർ തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി കെ പി വിജയകുമാരൻ ഉദ്ഘാടനം ചെയ്തു. എഡിഎം റെജി പി ജോസഫ് മുഖ്യാതിഥിയായി. സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി എം കെ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബിജു ലാസർ, വാർഡ് കൗൺസിലർ കെ വി അംബിക, ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസ് ഒആർസി പ്രൊജക്ട് അസിസ്റ്റ് ടി വി ബീന, വനിത പോലീസ് സ്റ്റേഷൻ എസ്ഐ, കാട്ടൂർ പോലീസ് സ്റ്റേഷനിലെ ജനമൈത്രി പോലീസ് ഓഫീസർ മണി എന്നിവർ സംസാരിച്ചു. 35 കുട്ടികളും

രക്ഷിതാക്കളും ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരും ഇരിങ്ങാലക്കുട ജനമൈത്രി ജാഗ്രതാ സമിതിയിലെ മെമ്പർമാരും പങ്കെടുത്തു.

## പെൻഷൻ: മസ്റ്ററിങ് ചെയ്യണം

കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് തൊഴിലാളി പെൻഷൻ, കുടുംബ പെൻഷൻ, സാന്ത്വന പെൻഷൻ എന്നിവ വാങ്ങുന്നവർ നവംബർ 30 ന് മുമ്പ് ആധാർകാർഡ്, പെൻഷൻ നമ്പർ എന്നിവയുമായി അടുത്തുള്ള അക്ഷയകേന്ദ്രങ്ങളിൽ ചെന്ന് മസ്റ്ററിങ് നടത്തണം. അക്ഷയ കേന്ദ്രങ്ങളിൽ ഫീസ് നൽകേണ്ടതില്ല. ഇത് സംബന്ധിച്ച് രസീത് ഗുണഭോക്താവിന് അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കും. കിടപ്പുരോഗികളുടെ മസ്റ്ററിങ്ങ് ചെയ്യുന്നതിനായി വിവരം നവംബർ 29 നകം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. അക്ഷയകേന്ദ്രം ജീവനക്കാർ ഡിസംബർ ഒന്നു മുതൽ അഞ്ച് വരെ കിടപ്പുരോഗികളുടെ വീട്ടിൽ എത്തി മസ്റ്ററിങ് ചെയ്യുന്നതാണ്. മസ്റ്ററിങ് ചെയ്തവർക്ക് മാത്രമേ അടുത്ത ഗഡു പെൻഷൻ ലഭിക്കുകയുള്ളൂ. കുടുംബ, സാന്ത്വന പെൻഷൻകാരിൽ 60 വയസ്സിന് താഴെയുള്ളവർ പുനർ വിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്ന് വാങ്ങി ജില്ലാ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ക്ഷേമിനിധി ബോർഡിലെ ഗുണഭോക്താക്കളിൽ മസ്റ്ററിങ് നടത്താൻ കഴിയാതെ മസ്റ്ററിങ് ഫെയിൽ ആകുന്ന അവസരത്തിൽ ഇത് സംബന്ധിച്ച് അക്ഷയിൽ നിന്ന് രസീത് ലഭ്യമാക്കി ബോർഡിന്റെ ജില്ലാ ഓഫീസിൽ ലൈഫ് സർട്ടഫിക്കറ്റിനോടൊപ്പം ഹാജാരക്കേണ്ടതാണ്. ഇത്തരക്കാരുടെ വിവരങ്ങൾ സേവനയിൽ ഉൾപ്പെടുത്താൻ പിന്നീട് നടപടി സ്വീകരിക്കുന്നതാണ്.